LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ ജലവിഭവ വകുപ്പിനുകീഴിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു.*

(ബി) ഇവയിൽ ഏതെങ്കിലും പദ്ധതികൾക്ക് അറ്റകുറ്റപ്പണികൾ നടത്തേണ്ട ആവശ്യമുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

ഉളിക്കൽ ഗ്രാമപഞ്ചായത്തിൽ ജലനിധി സുസ്ഥിര നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 44 പദ്ധതികളുടെ അറ്റകുറ്റപ്പണികൾ നടത്തി വരുന്നു. ഭ്രദാനം, കുടിവെള്ള പദ്ധതി, ഞണ്ണമല, എസ്.ടി. കോളനി കുടിവെള്ള പദ്ധതി നവീകരണം, മാപ്പിനി നാല് സെന്റ് കോളനി കുടിവെള്ള പദ്ധതി നവീകരണം, പ്ലാരി പൊതുകിണർ എന്നീ കുടിവെള്ള പദ്ധതികൾക്ക് അറ്റകുറ്റപ്പണികൾ ആവശ്യമുള്ളതാണ്. ആലക്കോട് ഗ്രാമപഞ്ചായത്തിലെ രയരോം, കരുവഞ്ചാൽ, ചെറുപാറ എന്നീ പദ്ധതികൾ സുസ്ഥിര വികസന പദ്ധതിയിലുൾപ്പെടുത്തി അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കിവരുന്നു.

ജൽജീവൻ മിഷൻ

197(5644) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കുടിവെള്ള വിതരണ മേഖലയിൽ എത്ര പുതിയ പൈപ്പ് കണക്ഷൻ നൽകിയിരുന്നുവെന്ന് അറിയിക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് കുടിവെള്ള വിതരണ മേഖലയിൽ കേരള വാട്ടർ അതോറിറ്റി മുഖേന 13,61,314 പൈപ്പ് കണക്ഷനുകളും ജലനിധി രണ്ടാം ഘട്ട പദ്ധതി വഴി 1.76 ലക്ഷം കുടുംബങ്ങൾക്കും പൈപ്പ് കണക്ഷനുകൾ നൽകിയിട്ടുണ്ട്.

(ബി) ജൽജീവൻ മിഷൻ പ്രകാരം സംസ്ഥാനത്ത് എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്; ഇതുവരെയായി എത്ര കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കിയിട്ടുണ്ട്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കാമോ?

ജൽജീവൻ മിഷൻ പ്രകാരം സംസ്ഥാനത്തെ എല്ലാ ഗ്രാമീണ കുടുംബങ്ങൾക്കും കുടിവെള്ളം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതുവരെ 24.01

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം വീടുകളിൽ കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കിയിട്ടുണ്ട്. നാളിതുവരെ സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ നൽകിയിട്ടുള്ള കുടിവെള്ള കണക്ഷനുകളുടെ ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത പദ്ധതിയിൽ കേന്ദ്ര വിഹിതം, സംസ്ഥാന വിഹിതം, പഞ്ചായത്ത് വിഹിതം, ഗുണഭോക്തൃ വിഹിതം എന്നിവ എത്ര ശതമാനം വീതമാണെന്ന് അറിയിക്കാമോ?

ഗ്രാമീണ മേഖലയിലെ എല്ലാ വീടുകൾക്കും കുടിവെള്ള കണക്ഷനുകൾ ലഭ്യമാക്കി കുടിവെള്ളലഭ്യത ഉറപ്പാക്കുന്നത് ലക്ഷ്യമിട്ടുള്ള ജൽജീവൻ പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായാണ് നടപ്പിലാക്കുന്നത്. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 50:50 അനുപാതത്തിലാണ് പദ്ധതി ചെലവ് വഹിക്കുന്നത്. സംസ്ഥാന സർക്കാരിന്റെ 50%-ത്തിൽ 25% സംസ്ഥാന സർക്കാരും 15% തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും 10% ഗുണഭോക്തൃ വിഹിതവുമായാണ് വഹിക്കേണ്ടത്.

(ഡി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കുടിവെള്ള കണക്ഷൻ നൽകുന്നതിന് പരമാവധി എത്ര രൂപ ചെലവഴിക്കാനാകും; വിശദമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ മാനദണ്ഡപ്രകാരം നിലവിൽ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുള്ള പദ്ധതികളിൽനിന്നും ജൽജീവൻ പദ്ധതിയിലുൾപ്പെടുത്തി കണക്ഷൻ നൽകുന്നതിന് മാത്രമായി പ്രതികണക്ഷന് 7500 രൂപയും ഒറ്റ വില്ലേജിനുവേണ്ടി ഭൂഗർഭ ജലസ്രോതസ്സിനെ അടിസ്ഥാനമാക്കിയുള്ളതും മറ്റ് ശുദ്ധീകരണം ആവശ്യമില്ലാത്തതുമായ പദ്ധതി പൂർത്തീകരിച്ച് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി പ്രതികണക്ഷൻ 15,000 രൂപയും ഒറ്റ വില്ലേജിനുവേണ്ടി ഭൂഗർഭ ജലസ്രോതസ്സിനെ അടിസ്ഥാനമാക്കി ജലശുദ്ധീകരണ ഘടകങ്ങളുൾപ്പെടെ പദ്ധതി പൂർത്തീകരിച്ച് കുടിവെള്ള കണക്ഷൻ നൽകുന്നതിനായി പ്രതികണക്ഷൻ 25,000 രൂപയും ഒന്നിൽ കൂടുതൽ വില്ലേജുകൾക്ക് വേണ്ടിയുള്ള വൻകിട കുടിവെള്ള പദ്ധതികൾ പൂർത്തീകരിച്ച് കണക്ഷൻ നൽകുന്നതിനായി പ്രതികണക്ഷൻ 47,000 രൂപയുമാണ് അനുവദനീയമായ ശരാശരി ചെലവായി നിഷ്കർഷിച്ചിട്ടുള്ളത്. ഇതിനുപുറമെ ആദിവാസിമേഖലയുൾപ്പെടെയുള്ള ഒറ്റപ്പെട്ട പ്രദേശങ്ങൾക്കുവേണ്ടി സൗരോർജ്ജം അടിസ്ഥാനമാക്കിയുള്ള ചെറുകിട പദ്ധതികൾക്കായി പ്രതിപദ്ധതി 7 ലക്ഷം രൂപയും അനുവദനീയമായ ചെലവായി കേന്ദ്ര മാർഗ്ഗരേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.